# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2476

23.01.2014 ന് മറുപടി

## ഹജ്ജ് വോളണ്ടിയർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ. പി.കെ.കുഞ്ഞാലികുട്ടി<br>വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി |
| എ). 2006 മുതൽ 2013 വരെ സംസ്ഥാന സർക്കാരിന്റെ ഹജ്ജ് വോളണ്ടിയർമാരായവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ; | എ) 2006 മുതൽ 2013 വരെ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ഹജ്ജ് വാളണ്ടിയർ ആയി തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| ബി) സർക്കാർ വകുപ്പുകളിലെ ജീവനക്കാരല്ലാത്ത എത്ര പേർ പ്രസ്തുത കാലയളവിൽ ഹജ്ജ് വോളണ്ടിയറായി സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കാമോ; | ബി) 24 പേർ; പേര് വിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| സി) ഈ വർഷം എത്ര പേരുടെ ഹജ്ജ് വാളണ്ടിയർ അപേക്ഷകൾ പരിഗണിക്കാതിരുന്നിട്ടുണ്ടെന്നും, പരിഗണിക്കാതിരുന്നതിന്റെ കാരണം സഹിതം വ്യക്തമാക്കാമോ; | സി) ഈ വർഷത്തെ (2014) അപേക്ഷകൾ ഇതുവരെ ക്ഷണിച്ചിട്ടില്ല. 2013-ൽ 90 പേരുടെ അപേക്ഷകൾ പരിഗണിച്ചിട്ടില്ല. വിശദവിവരം അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്. |
| ഡി) സർക്കാർ ഡിപ്പാർട്ട്മെന്റ് ജീവനക്കാരല്ലാത്തവരെ മുൻ വർഷങ്ങളിൽ പരിഗണിക്കുകയും ഈ വർഷം പരിഗണിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ? | ഡി) കേന്ദ്ര വിദേശ കാര്യ വകുപ്പാണ് ഓരോ വർഷവും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്. കേന്ദ്ര വിദേശ കാര്യ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശത്തിലെ 2(സി) പ്രകാരം സർക്കാർ ജീവനക്കാരായ വ്യക്തികളെ മാത്രമാണ് ഈ വർഷം പരിഗണിച്ചത്. 15.10.2013-ലെ ഓഫീസ് മെമ്മോ റാണ്ടം നമ്പർ M(haj)/1183/ KUH-1(main)/ 2013-ന്റെ പകർപ്പ് അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ